പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 283

09.05.2017 ൽ മറുപടിക്ക്

## വാഹനപ്പെരുപ്പം മൂലമുള്ള പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ<br>,, റ്റി.വി.രാജേഷ്<br>,, എ.എം. ആരിഫ്<br>,, കാരാട്ട് റസാഖ് : | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ കാരണങ്ങൾ അറിയിക്കുമോ; | (എ) മോട്ടോർ വാഹന നിയമം ലംഘിച്ച് അമിതവേഗതയിലും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത, വാഹനപ്പെരുപ്പം, റോഡുകളുടെ മോശമായ അവസ്ഥ, അപകടസാധ്യതയുള്ള മേഖലകളെപ്പറ്റിയുള്ള ധാരണയില്ലായ്മ, ഡ്രൈവർമാരുടെയും കാൽനടക്കാരുടെയും കാഴ്ചയെ മറയ്ക്കുന്ന വിധത്തിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന പരസ്യങ്ങൾ തുടങ്ങിയവയാണ് വർദ്ധിച്ചു വരുന്ന റോഡപകടങ്ങളുടെ മുഖ്യ കാരണങ്ങൾ.<br>2017 വർഷത്തിലെ ആദ്യത്തെ മൂന്ന് മാസങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് വാഹന അപകടങ്ങളുടെ എണ്ണത്തിലും മരണപ്പെട്ടവരുടെ എണ്ണത്തിലും കുറവുണ്ടായിട്ടുണ്ട്. 2016 ജനവരി 1 മുതൽ മാർച്ച് വരെ 10393 അപകടങ്ങളിലായി 1188 പേർക്ക് ജീവഹാനിയും, 11380 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. എന്നാൽ, 2017-ഈ കാലയളവിൽ 9761 അപകടങ്ങളിലായി 960 പേർക്ക് ജീവഹാനിയും, 10673 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗുമാണ് റോഡപകടങ്ങളുടെ മുഖ്യ കാരണങ്ങൾ. |
| (ബി) പ്രതിവർഷം പന്ത്രണ്ട് ശതമാനത്തി ലധികം വാഹനപ്പെരുപ്പം ഉണ്ടാകുന്നത് കണക്കിലെടുത്ത് പൊതുഗതാഗത സൗകര്യം കാര്യക്ഷമവും ആകർഷക | (ബി) പഞ്ചായത്ത് പ്രദേശങ്ങളിൽ ഗതാഗത സൗകര്യങ്ങൾ സുഗമമാക്കുന്നതിന് പുതിയ റോഡുകളുടെ നിർമ്മാണങ്ങളും നിലവിലുള്ള റോഡുകളുടെ നവീകരണവും ത്രിതല ഗ്രാമ |

| | | |
|---|---|---|
| | വുമാക്കി സ്വകാര്യ വാഹനപ്പെരുപ്പം നിയന്ത്രിക്കാൻ പദ്ധതിയുണ്ടെങ്കിൽ വിശദാംശം നൽകുമോ; | പഞ്ചായത്തുകൾ നടത്തുന്നു.പൊതുഗതാഗതം പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നയം. |
| (സി) | നഗരങ്ങളിൽ വാഹനപ്പെരുപ്പത്തിന അനുസൃതമായ പാർക്കിംഗ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഉണ്ടാകുന്ന അലക്ഷ്യമായ പാർക്കിംഗ് ഗതാഗത തടസ്സത്തിനും അപകടത്തിനും കാരണമാകുന്നതു കൊണ്ട് വിവിധ തട്ടുകളായുള്ള യന്ത്രവൽകൃത പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകളെ കുറിച്ച് പരിശോധന നടത്തുമോ? | (സി) വിവിധ തട്ടുകളായുള്ള യന്ത്രവൽകൃത പാർക്കിംഗ് സംവിധാനത്തിന്റെ സാധ്യതകൾ വിശദമായി പരിശോധിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ SIEGER SPINTECH EQUIPMENTS PVT. LTD എന്ന കമ്പനിയുമായി ചർച്ച നടത്തുകയും പ്രാഥമിക ഘട്ടം എന്ന നിലയിൽ ഇതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് സംസ്ഥാന പോലീസ് ആസ്ഥാനത്തും ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും ടി പാർക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഐ.ജി.ട്രാഫിക്കിന്റെ ശുപാർശ പോലീസ് ആസ്ഥാനത്ത് പരിശോധിച്ചു വരുന്നു.കൂടാതെ നാറ്റ്പാക് വഴി ഒരു സമഗ്ര പാർക്കിംഗ് നയം ( Comprehensive parking policy) തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ